# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 212 09.03.2015-ൽ മറുപടിയ്ക്ക്**

**<u>മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. എം. ഷാജി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മാവോയിസ്റ്റ് പ്രസ്ഥാനം ഏതൊക്കെ ജില്ലകളിൽ സജീവമാണെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | അവരുടെ പ്രവർത്തനം വ്യാപകമാകുവാൻ സഹായകരമായ സാഹചര്യങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്ത്, മുഖ്യമായും വടക്കൻ മേഖലയിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. സാന്നിദ്ധ്യം ഉണ്ടെങ്കിലും അവരുടെ പ്രവർത്തനം ഈ മേഖലകളിൽ വ്യാപകമല്ല. |
| സി) | പ്രസ്തുത പ്രവർത്തനം നിയന്ത്രിക്കുന്നതിനായി, വനമേഖലയിലെയും വനാതിർത്തികളിലെയും ആദിവാസികളുൾപ്പെടെയുള്ളവരുടെ സഹകരണം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ? | (സി) | പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. ഇതിന്റെ ഭാഗമായി ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ സഹകരണവും തേടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ